**ICPS3/3192/19**

വനിതശിശുവികസന വകുപ്പ് ഡയറക്ടറേറ്റ്
ഐ.സി.പി.എസ്.,
പൂജപ്പുര, തിരുവനന്തപുരം
തീയതി. 21/05/2019.

# സർക്കുലർ

വിഷയം:- വനിതശിശു വികസന വകുപ്പ് - ICPS – "കരുതൽ സ്പർശം-കൈകോർക്കാം കുട്ടികൾക്കായി" – ജില്ലാതല റെസ്പോൺസിബിൾ പാരന്റിംഗ് വർക്ക്ഷോപ്പ് - ജൂൺ 1 ന് നടപ്പിലാക്കുന്നത് - നിർദ്ദേശം - -സംബന്ധിച്ച്.

പരാമർശം :- 1. 13.05.2019 –ന് ബഹു. സാമൂഹ്യനീതി വനിതശിശുവികസന വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഏകദിന ശിൽപ്പശാലയിലെ തീരുമാനം.
2. 17.05.2019 –ലെ ഇതേ നമ്പർ സർക്കുലർ.

"കരുതൽ സ്പർശം-കൈകോർക്കാം കുട്ടികൾക്കായി" എന്ന പദ്ധതിയുടെ ഭാഗമായി മേയ് 29 –ന് വിക്ടേഴ്സ് ചാനലിന്റെ സഹകരണത്തോടെ റെസ്പോൺസിബിൾ പാരന്റിംഗിനെ സംബന്ധിച്ച് തത്സമയ പരിപാടി രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ സംപ്രേക്ഷണം ചെയ്യുന്നു. പ്രസ്തുത പരിപാടിയിലേയ്ക്ക് ജില്ലാതലത്തിൽ അങ്കണവാടി വർക്കർമാരെയും, ആശാവർക്കർമാരെയും പങ്കെടുപ്പിക്കേണ്ടതാണ്. അതോടൊപ്പം തന്നെ ഗ്ലോബൽ പാരന്റിംഗ് ഡേ ആയ 2019 ജൂൺ 1 -ാം തീയതി ജില്ലാതലത്തിൽ "കരുതൽ സ്പർശം-കൈകോർക്കാം കുട്ടികൾക്കായി" എന്ന പദ്ധതിയുടെ ഭാഗമായി റെസ്പോൺസിബിൾ പാരന്റിംഗിനെ സംബന്ധിച്ച് വർക്ക്ഷോപ്പ് സംഘടിപ്പിക്കണമെന്ന് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ വിവിധ പരിപാടികളുടെ ആസൂത്രണത്തിനും നടത്തിപ്പിനുമായി ചുവടെ ചേർക്കും വിധം കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

| | |
|---|---|
| ജില്ലാ വനിത ശിശു വികസന ഓഫീസർ | - ചെയർമാൻ |
| ജില്ലാ ശിശു സംരക്ഷണ ഓഫീസർ | - കൺവീനർ |
| പ്രോഗ്രാം ഓഫീസർ | - മെമ്പർ |
| വുമൺ പ്രൊട്ടക്ഷൻ ഓഫീസർ | - മെമ്പർ |
| സി.ഡി.പി.ഒ | - മെമ്പർ |

2. ജില്ലാ വനിതശിശു വികസന ഓഫീസറുടെ അധ്യക്ഷതയിൽ അടിയന്തിരമായി യോഗം വിളിച്ചു കൂട്ടുകയും മേയ് 29, ജൂൺ 1 തീയതികളിലെ പരിപാടികൾ എങ്ങനെ നടപ്പിലാക്കാം എന്നതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്യുക.
3. പ്രസ്തുത യോഗത്തിലേയ്ക്ക് ഡിസിപിഒ, പ്രോഗ്രാം ഓഫീസർ, വുമൺ പ്രൊട്ടക്ഷൻ ഓഫീസർ, സി.ഡി.പി.ഒ മാർ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
4. മേയ് 29, ജൂൺ 1 തീയതികളിൽ നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് ജില്ലാതലത്തിൽ പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചരണം നൽകേണ്ടതാണ്.

5. മേയ് 29 -ലെ തത്സമയ പരിപാടി സംപ്രേക്ഷണം ചെയ്യുന്നതിലേക്കുവേണ്ടി 500 പേർ ഉൾക്കൊള്ളുന്ന ഹാൾ, വീഡിയോ വാൾ, സൗണ്ട്സ് സിസ്റ്റം എന്നിവ സജ്ജീകരിക്കേണ്ടതാണ്.

6. ഇതിൽ അങ്കണവാടി, ആശാവർക്കർമാരെ പങ്കെടുപ്പിക്കേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

7. വീഡിയോ വാൾ വഴി വിക്ടേഴ്സ് ചാനൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. ടി പരിപാടിയുടെ ഫോട്ടോ സഹിതമുള്ള റിപ്പോർട്ട് icpssec3@gmail.com – ലേയ്ക്ക് അയക്കേണ്ടതാണ്.

9. ക്ലാസ്സുകൾ സംബന്ധിച്ച പ്രേക്ഷകരുടെ സംശയങ്ങൾ വനിതശിശു വികസന ഓഫീസർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ശേഖരിയ്ക്കുകയും, അവ ക്രോഡീകരിച്ച് വിക്ടേഴ്സ് ചാനലിന്റെ ടോൾ ഫ്രീ നമ്പറായ **1800 425 9877** ലേയ്ക്ക് വിളിച്ച് സംശയ നിവാരണം നടത്തുകയും ചെയ്യേണ്ടതാണ്.

10. ഓരോ ജില്ലയിലും താഴെ പറയുന്ന പ്രകാരം തത്സമയ പരിപാടി വീക്ഷിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

| ക്രമ നമ്പർ | ജില്ല | സംപ്രേക്ഷണം വീക്ഷിയ്ക്കുന്നതിന് വേണ്ടിയുള്ള ഹാളുകളുടെ എണ്ണം | പങ്കെടുക്കുന്നവരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 6 | 3000 |
| 2 | കൊല്ലം | 5 | 2500 |
| 3 | പത്തനംതിട്ട | 3 | 1500 |
| 4 | ആലപ്പുഴ | 4 | 2000 |
| 5 | കോട്ടയം | 4 | 2000 |
| 6 | ഇടുക്കി | 3 | 1500 |
| 7 | എറണാകുളം | 5 | 2500 |
| 8 | തൃശ്ശൂർ | 6 | 3000 |
| 9 | പാലക്കാട് | 5 | 2500 |
| 10 | മലപ്പുറം | 7 | 3500 |
| 11 | വയനാട് | 2 | 1000 |
| 12 | കോഴിക്കോട് | 6 | 3000 |
| 13 | കണ്ണൂർ | 5 | 2500 |
| 14 | കാസർഗോഡ് | 2 | 1000 |
| | **ആകെ** | **63** | **31500** |

11. 29 -ാം തീയതിയിലെ പ്രോഗ്രാമിലേയ്ക്കുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| Sl No. | Items | Amount |
|---|---|---|
| 1 | Hall | 15000 |
| 2 | Video Wall with Sound System | 25000 |
| 3 | Tea, Snacks and Lunch (500 x 150) | 75000 |
| | **Total** | **1,15,000** |

12. ജൂൺ 1 -ാം തീയതിയിലെ പ്രോഗ്രാമിലേയ്ക്കുള്ള സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| Sl No. | Items | Amount |
|---|---|---|
| 1 | Hall | 10000 |
| 2 | Tea, Snacks and Lunch (150 x 125) | 18750 |
| 3 | Stationery (30 x 125) | 3750 |
| 4 | Banner | 1500 |
| 5 | Sound System & Stage Arrangement | 5000 |
| 6 | Documentation and Photo | 3500 |
| 7 | Honorarium to Resource Persons (1500 x 3) | 4500 |
| 8 | TA to Resource Persons | 3000 |
| 9 | Miscellaneous | 750 |
| | **Total** | **50750** |

13. ജൂൺ 1 -ന് ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന സെമിനാറിന്റെ വിഷയം താഴെ പറയുന്നു.

    1. കുട്ടികളുടെ അവകാശ സംരക്ഷണം
    2. ഉത്തരവാദിത്ത രക്ഷകർത്തൃത്വം
    3. സമൂഹമാധ്യമങ്ങളുടെ സ്വാധീനം കുട്ടികളിൽ

മെമ്പർ സെക്രട്ടറി (SCPS) &
വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്കുവേണ്ടി

- എല്ലാ ജില്ലാ വനിതശിശു വികസന ഓഫീസർമാർക്കും
- എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
- എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
- എല്ലാ വുമൺ പ്രൊട്ടക്ഷൻ ഓഫീസർമാർക്കും